01-02-2022

TUESDAY ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian    Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 01/02/2022

1. കേരളത്തിന്റെ ഭൂപ്രകൃതിയ്ക്കും, കൃഷിയ്ക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ പ്രവർത്തിച്ചുവരുന്ന ഉപജ്ഞാതാക്കളുടെയും പുത്തൻ ആശയക്കാരുടെയും ഒരു സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ഉപജ്ഞാതാക്കൾ, നൂതന ആശയങ്ങളിൽ പ്രവർത്തിക്കുന്നവർ മേൽവിലാസം, പ്രവർത്തനത്തിന്റെ വിവരണവും കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

2. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും **മിത്രപ്രാണികളുടെ മുട്ടകാർഡ് അഥവാ ട്രൈക്കോ കാർഡുകൾ** ലഭ്യമാണ്. നെല്ലിന്റെ തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറി വിളകളിലും മറ്റു വിളകളിലും കാണുന്ന പുഴുവർഗ്ഗ കീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക..

3. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ 2022 **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

4. നാളികേര വികസന കോർപ്പറേഷനും വേങ്ങരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രവും സംയുക്തമായി കേരള സർക്കാരിന്റെ പച്ചതേങ്ങ സംഭരണപദ്ധതി പ്രകാരം നാളികേര സംഭരണം ആരംഭിച്ചു. എല്ലാ പ്രവൃത്തി ദിവസവും 10 മണി മുതൽ 4 മണി വരെ വേങ്ങേരിയിലുള്ള കാർഷിക വിപണന കേന്ദ്രത്തിലുള്ള നാളികേര ഡ്രയർ യൂണിറ്റിൽ കിലോക്ക് 32 രൂപ നിരക്കിൽ കർഷകരിൽ

നിന്നും പച്ചതേങ്ങ സംഭരിക്കും. കൃഷിഭവനിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ ഉത്പാദനത്തിന്റെ ആറിലൊന്നു തൂക്കം 2 മാസത്തിലൊരിക്കൽ താങ്ങുവില പ്രകാരം എടുക്കും.

5. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഫെബ്രുവരി 9 വരെ നീട്ടി. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ് സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇമെയിലായോ അറിയിക്കാവുന്നതാണ്.

6. പത്തനംതിട്ട ജില്ലയിൽ അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) യിൽ **ബ്ലോക്ക് ടെക്നോളജി മാനേജർ** തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഫെബ്രുവരി 8-ന് രാവിലെ 11 മണിക്ക് പന്തളം കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫിസിൽ വച്ച് വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കൃഷി/വെറ്ററിനറി/ഡെയറി/ഫിഷറീസ് എന്നിവയിർ ബിരുദാനന്തര ബിരുദമാണ് യോഗ്യത. സർക്കാർ സ്ഥാപനങ്ങളിലുള്ള രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം അഭികാമ്യമാണ്. താൽപര്യമുള്ളവർ ഫെബ്രുവരി 8-ന് രാവിലെ 10.30 മണിക്ക് പൂരിപ്പിച്ച ബയോഡേറ്റയും അസൽ സർട്ടിഫിക്കറ്റും സഹിതം ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **04734-296180, 9383471982** എന്നീ ഫോൺ നമ്പരുകളിലോ, പന്തളം കടയ്ക്കാട് പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **'സോയിൽ ഹെൽത്ത് മാനേജ്മെൻറ്'** എന്ന ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാദ്ധ്യമം . താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2022 ഫെബ്രുവരി 24 ആണ്. കോഴ്സുകൾ 2022 ഫെബ്രുവരി 25 ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **7559070461, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ ഇന്ന് (ഫെബ്രുവരി 01) രാവിലെ 11 മണി മുതൽ ഹൈ ടെക് ഡയറി ഫാമിംഗ് എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഇന്ന് രാവിലെ 10.30 വരെ **0476 2698550, 8075028868** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, **8075028868** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചുനൽകിയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്നതാണ് ഗൂഗിൾ മീറ്റ് ലിങ്ക്.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന **തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ്** ഈ വർഷവും തുടരുന്നതാണ്. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. കൂടുതൽ വിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ, **0481–2353127, 7306464582** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്.